**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **23-01-2025 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ തുടക്കം കുറിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ രാജ്യത്തെ അതിദരിദ്രരില്ലാത്ത ആദ്യസംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലൂടെ രാജ്യത്തെ അതിദരിദ്രരില്ലാത്ത ആദ്യസംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി, അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി മൈക്രോപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. "അവകാശം അതിവേഗം" എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ നൽകൽ (വോട്ടർ ഐ.ഡി. ആധാർ കാർഡ്, റേഷൻ കാർഡ്, ഹെൽത്ത് ഇൻഷ്വറൻസ്, ഭിന്നശേഷി കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ കാർഡ് മുതലായവ), ഭക്ഷണം, ആരോഗ്യ സേവനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ, |

| | | | |
|---|---|---|---|
| | | | അതിദരിദ്ര പട്ടികയിൽ ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം ലഭ്യമാക്കൽ, വരുമാനം ആവശ്യമുള്ള കുടുംബങ്ങൾക്ക് കുടുംബശ്രീയുടെ ഉജ്ജീവനം പദ്ധതിയിലൂടേയും മറ്റ് വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തിരവും ഉപജീവന മാർഗ്ഗം, വരുമാനമാർഗ്ഗം ലഭ്യമാക്കൽ, ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകൽ, ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള അതിദരിദ്രരെ വാടക വീടുകളിലേക്ക് മാറ്റി താമസിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ നടപ്പിലാക്കി വരുന്നു.<br><br>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി, ആകെ കണ്ടെത്തിയ 64006 കുടുംബങ്ങളിലെ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.<br><br>15.01.2025 വരെ 44539 കുടുംബങ്ങളെ (69.59%) അതിദാരിദ്ര്യത്തിൽ നിന്നും മുക്തമാക്കിയിട്ടുണ്ട്. |
| (ബി) | അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തിയതിനുള്ള മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്യം അനുഭവിക്കുന്നവരെയും കണ്ടെത്തി, അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.<br><br>ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെയാണ് 1032 തദ്ദേശ സ്ഥാപനങ്ങളിലായി കണ്ടെത്തിയത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്.<br><br>♦ അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 |

കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിയ്ക്കുവാൻ കഴിഞ്ഞു. പ്രസ്തുത കുടുംബങ്ങൾക്ക് ഇപ്പോഴും തടസ്സമില്ലാതെ ഭക്ഷണം ലഭിയ്ക്കുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.

♦ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29912 ഗുണഭോക്താക്കൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള 5130 ഗുണഭോക്താക്കൾക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 394 ഗുണഭോക്താക്കൾക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവം മാറ്റി വയ്ക്കൽ ചികിത്സയ്ക്ക് 07 ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

♦ ഇതോടൊപ്പം, "അവകാശം അതിവേഗം" യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും, ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ഉൾപ്പെടെ 21263 രേഖകൾ/സേവനങ്ങൾ നൽകുവാൻ സാധിച്ചു.

♦അതിദരിദ്രർക്ക് ഭക്ഷണം, മരുന്നുകൾ മുതലായവ നൽകുന്നതിന് സന്നദ്ധത പ്രകടിപ്പിക്കുന്ന സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ജില്ലാ തലത്തിലും തദ്ദേശ തലങ്ങളിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

♦ വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ പദ്ധതി ആരംഭിച്ചു. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അവിദഗ്ധ തൊഴിൽ ചെയ്യാൻ കഴിയുന്ന കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ നൽകി.

| | | | |
|---|---|---|---|
| | | | ♦ അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br><br>♦ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ആകെ കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. |
| (ഡി) | തീവ്രദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അപ്രകാരം നിലനിർത്തുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ; | (ഡി) | ♦പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിയ്ക്കുവാൻ കഴിഞ്ഞു. പ്രസ്തുത കുടുംബങ്ങൾക്ക് ഇപ്പോഴും തടസ്സമില്ലാതെ ഭക്ഷണം ലഭിയ്ക്കുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.<br><br>♦ ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29912 ഗുണഭോക്താക്കൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള 5130 ഗുണഭോക്താക്കൾക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 394 ഗുണഭോക്താക്കൾക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവ മാറ്റി വയ്ക്കൽ ചികിത്സയ്ക്ക് 07 ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>♦ അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന അതിദരിദ്രർക്ക് 'അവകാശം |

അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര രേഖകളും നൽകുവാൻ സാധിച്ചിട്ടുണ്ട്.

♦വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ ആരംഭിച്ച സമഗ്ര പദ്ധതി വഴി 2503 കുടുംബങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾ മുഖേന 292 കുടുംബങ്ങൾക്കും മറ്റ് വകുപ്പുകൾ മുഖേന 223 കുടുംബങ്ങൾക്കും സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ മുഖേന 137 കുടുംബങ്ങൾക്കും വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി എല്ലാവർക്കും തൊഴിൽ കാർഡ് നൽകി 100 ദിന തൊഴിലുറപ്പാക്കുന്നതിനും, ജീവനോപാധികൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ക്ഷീരവികസന വകുപ്പ്, കൃഷിവകുപ്പ്, എന്നിവ മുഖാന്തിരം വരുമാനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

♦അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വീട് മാത്രം ആവശ്യമുള്ള 2642 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി, അവരുടെ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള 412 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുബങ്ങൾക്ക് ആനുകൂല്യം നൽകുകയും 3163 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ലഭിക്കുവാൻ അർഹതയുള്ള

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് അത് ലഭിയ്ക്കുന്നത് വരെ വാടക വീട്ടുകളിൽ താമസിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 250 കുടുംബങ്ങളെ വാടക വീട്ടുകളിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്.<br><br>♦ ഏകാംഗ കുടുംബങ്ങളിൽ പുനധിവാസം ആവശ്യമുള്ളവരെ സാമൂഹ്യ നീതി വകുപ്പ്, വനിത ശിശു വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഷെൽറ്റർ ഹോമുകളിലേക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>♦ ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപ്പെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ഭൂഉടമകളെ പ്രത്യേക ക്ഷണിതാക്കൾ ആക്കിക്കൊണ്ട് 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് 16.01.2025 തീയതിയിലെ സ.ഉ (സാധാ)നം.145/2025/തസ്വഭവ പ്രകാരം സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപനങ്ങളിലും നടന്നു വരുന്നു.<br><br>♦ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, കുട, ബാഗ്, ഉച്ച ഭക്ഷണം , പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ, കായിക വികസനം എന്നിവ ലക്ഷ്യം വച്ചുള്ള പ്രോജക്റ്റുകളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>♦ കെ.എസ്.ആർ.ടി.സി-യുടെയും ഗതാഗത വകുപ്പിന്റെയും സഹകരണത്തോടെ 1767 കുട്ടികളുടെ പഠനാവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.ടി.സി. / സ്വകാര്യ ബസ്സുകളിൽ സൗജന്യമാക്കി കൊണ്ടുള്ള യാത്ര പാസ്സുകൾ നൽകിയിട്ടുണ്ട്.<br><br>♦ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട തീരദേശവാസികൾക്ക് മരുന്ന്, ആഹാരം മുതലായവയും വാസസ്ഥലം ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി വാസസ്ഥലവും ഉറപ്പാക്കുന്നുണ്ട്.<br><br>♦ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിലുൾപ്പെടുത്തി അതിദരിദ്ര പട്ടികയിലുൾപ്പെട്ട മാതാപിതാക്കൾ, മാതാവോ/ പിതാവോ നഷ്ടപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് / സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ♦ അതിദരിദ്ര പട്ടികയിലുൾപ്പെട്ടവരുടെ വീട് വയറിംഗ്, വൈദ്യുതി കണക്ഷൻ മുതലായ സേവനങ്ങൾ KSEB വഴി നടത്തുന്നുണ്ട്.<br><br>♦ അതിദരിദ്ര പട്ടികയിലുൾപ്പെട്ടവർക്ക് ശുദ്ധമായ കുടിവെള്ള വിതരണത്തിനുള്ള കണക്ഷനുകൾ കേരളാ വാട്ടർ അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനത്തെ അതിദാരിദ്ര്യ മുക്തമാക്കുന്നതിനുള്ള ലക്ഷ്യത്തോടെയാണ് പദ്ധതി പ്രവർത്തനങ്ങൾ നിലവിൽ നടന്ന് വരുന്നത്. |

സെക്ഷൻ ഓഫീസർ